കേരള സർക്കാർ

# നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.11)1907/2016
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 30.11.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(പി.11)1907/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 30.11.2016

## എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 04.10.2015 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും ലഭ്യമായ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.2016 മുതൽ 01.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കിഷോർതോമസ്.എം.,ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.ജോൺസൺ.ടി.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ഷൈനി.പി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബെന്നി സെബാസ്റ്റ്യൻ, ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.വൈ.വർഗ്ഗീസ് | 01.04.2015മുതൽ31.10.2015വരെ |
| | ശ്രീമതി. മിനി എൽദോ | 01.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ.പി.എം.ജോസഫ് | 01.04.2015മുതൽ31.10.2015വരെ |
| | ശ്രീ.ജെയിൻവർഗ്ഗീസ്(അസി.സെക്രട്ടറി, സെക്രട്ടറി-ഇൻ–ചാർജ്ജ്) | 01.11.2015മുതൽ02.12.2015വരെ |
| | ശ്രീ.മിജോയ് മൈക്കിൾ | 03.12.2015മുതൽ31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ. | ശ്രീമതി.ഷീന വർഗ്ഗീസ് | 01.04.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീ.രഞ്ചൻ ജേക്കബ്ബ് | 01.04.2015മുതൽ31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സീജ.കെ.കെ. | 01.04.2015മുതൽ31.03.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.ലീന.കെ. ജോസഫ് | 01.04.2015മുതൽ30.12.2015വരെ |
| | ശ്രീമതി.സ്മിത ജോസ് | 31.12.2015മുതൽ31.03.2016വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.വനജ.പി.എം | 01.04.2015മുതൽ31.03.2016വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. സിനിമോൾ.എം | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ദീപ്തി | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ലത.എ.ജി. | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ശ്രീലാൽ | 01.04.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.ടി.ആർ.ഷെർളി | 01.04.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം. | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി – അപാകതകൾ | 2-1 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് – അപാകതകൾ | 2-2 |
| 15 | വസ്തു നികുതി പിരിവ് – അപാകതകൾ | 2-3 |
| 16 | വാടക – അപാകതകൾ | 2-4 |

| | | |
|---|---|---|
| | ഭാഗം 3 | |
| 17 | പ്രൊജക്റ്റിൽ ഉൾപ്പെട്ട ചെലവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-1 |
| 18 | പാലിയേറ്റീവ് കെയർ പദ്ധതി – ആദായനികുതി ഈടാക്കിയില്ല. | 3-2 |
| 19 | ദുരിതാശ്വാസ നിധി – അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 3-3 |
| 20 | എസ്.സി. വിഭാഗം കുടിവെള്ളക്കിണർ നിർമ്മാണം അധിക തുക നൽകിയത് സംബന്ധിച്ച് | 3-4 |
| 21 | ശുചി മുറി നിർമ്മാണം – വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 4,92,000/- രൂപ ശുചിത്വ ഭാരത മിഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 3-5 |
| 22 | കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയ 4 ലക്ഷം രൂപയുടെ സംഭാവന – ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 |
| 23 | ജനതാ അപകട ഇൻഷ്വറൻസ് പോളിസി – ഇൻഷ്വർ ചെയ്ത ആളുകളുടെ എണ്ണം കണക്കാക്കിയതിൽ വ്യക്തതയില്ല. | 3-7 |
| | ഭാഗം - 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 34 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 35 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 |
| 36 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി | 01/18.03.2015 |
| | 111/16, 04.03.2016 ( പുതുക്കിയത്) |

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (-)/ (+) |
|---|---|---|---|
| വസ്തു നികുതി | 1,45,00,000 | 1,36,22,387 | (-) 8,77,613 |
| തൊഴിൽ നികുതി | 85,00,000 | 83,30,893 | (-) 1,69,107 |
| വാടക | 15,00,000 | 11,44,289 | (-) 3,55,711 |
| പരസ്യം | 20,00,000 | 22,50,888 | (+) 2,50,888 |
| ഡി.& ഒ.ലൈസൻസ് ഫീസ് | 2,00,000 | 2,29,988 | (+) 29,988 |
| പെർമിറ്റ് ഫീസ് | 15,00,000 | 10,30,781 | (-) 4,69,219 |
| വിനോദ നികുതി | 1,50,000 | 26,322 | (-) 1,23,678 |

തനതു വരുമാനത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ ബജറ്റ് യഥാർത്ഥ ഡിമാന്റുമായി ബന്ധമില്ലാതെയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് മേൽകണക്കുകളിൽ നിന്നും വ്യക്തമാണ്. വാടക, പെർമിറ്റ്, വിനോദ നികുതി എന്നിവ ബജറ്റ് നിർദേശത്തേക്കാൾ ഗണ്യമായ കുറവും ഡി&ഒ ലൈസൻസ് ഫീ, പരസ്യ നികുതി എന്നിവ കൂടുതലുമാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ ഡിമാന്റുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.06.2016 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു, അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 3,63,57,080.59 |
| വരവ് | 5,87,70,813.00 |
| ആകെ | 9,51,27,893.59 |
| ചെലവ് | 6,74,58,649.00 |
| നീക്കിബാക്കി | 2,76,69,244.59 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1682330 | 8055088 (TC) | 17309047 | 16617120 | 691927 (Lapsed) | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 2921420 | 4721057 | 7642477 | 5165057 | 2477420 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 80000 | 0 | 80000 | 0 | 80000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 87469 | 5989396 | 6076865 | 6076865 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 950060 | 1742099 | 2692159 | 2692159 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2793442 | 7316105 | 10109547 | 6515918 | 3593629 | 0 |
| ലോക ബാങ്ക് സഹായം | 3102910 | 2122404 | 5225314 | 2122404 | 3102910 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 973074 | 9260292 | 10233366 | 3428861 | 0 | 6804505 |
| എം.എൻ.ആർ. ഇ.ജി.എസ് | 3113 | 10961650 | 10964763 | 10964357 | 0 | 406 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 223 | 134070689 | 164 | 44147376 | 0 | 59 | 73.54% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളില്ല

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13.47% കുറവ് ഉണ്ടായിട്ടുണ്ട്. വിശദിവിവരം താഴെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 24145990 | 20306877 | (-) 3839113 | (-) 15.89% |
| നികുതിയേതര വരവുകൾ | 2519940 | 3387789 | (+) 867849 | (+) 34.43% |
| മറ്റു വരവുകൾ | 1240615 | 450240 | (-) 790375 | (-) 63.70 |
| ആകെ | 27906545 | 24144906 | (-) 3761639 | (-) 13.47% |

കെട്ടിട നികുതി വർധനവ് പുനർ നിർണ്ണയിച്ചതിനെ തുടർന്ന് 2014-15ൽ കൂട്ടതലായി ഈടാക്കിയ തുക 2015-16ലേക്ക് ക്രമീകരിച്ചതിനാലാണ് മേൽപ്പറഞ്ഞ രീതിയിൽ തനത് വരുമാനത്തിൽ കുറവുണ്ടായത്.

## 1-8 ക്ഷേമ പദ്ധതികൾ

2015-16ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24120 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 3341820 | 439 |
| വിധവാപെൻഷൻ | 11867040 | 1248 |
| വാർദ്ധക്യകാലപെൻഷൻ | 13685580 | 2002 |
| വികലാംഗപെൻഷൻ | 2528280 | 290 |
| നിർധന വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 6 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 659000 | 68 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.11.2016ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 26,355/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെ തപാലുകൾ സ്വീകരിച്ച് ആയത് വിവിധ സെക്ഷനുകളിലേക്ക് വിതരണം ചെയ്യുന്നുണ്ട്. എന്നാൽ അവ പേഴ്സണൽ രജിസ്റ്ററിൽ ചേർത്ത് തീർപ്പാക്കലുകൾ രേഖപ്പെടുത്തുന്നില്ല. പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ സാധന സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് പഞ്ചായത്ത് ഓഫീസും ഫ്രണ്ട് ഓഫീസും പ്രവർത്തിക്കുന്നത്. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന രീതിയിൽ ഫ്രണ്ട് ഓഫീസെങ്കിലും താഴത്തെ നിലയിൽ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.07.2016 & 05.07.2016 | 06/2016 | 20.09.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.05.2014 | 2009-10 മുതൽ 2013-14 വരെ & 2013-14 (സപ്ലിമെന്ററി) | 03.07.2014 |

## 1-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം.

2015-16ലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| വർഷം | | 2015-16 |
|---|---|---|
| തൊഴിൽ അപേക്ഷകർ | ജനറൽ | 2142 |
| | എസ്.സി./എസ്.ടി. | 769 |
| | ആകെ | 2911 |
| തൊഴിൽ കാർഡ് ഇഷ്യൂ ചെയ്തത് | | 1173 |
| തൊഴിൽ ലഭിച്ചവരുടെ എണ്ണം | | 970 |
| ആകെ തൊഴിൽ ദിനങ്ങൾ | | 44526 |
| 100 ദിവസം തൊഴിൽ ലഭിച്ചവരുടെ എണ്ണം | | 86 |
| ചെലവ് വിവരങ്ങൾ | സാധന വില | 1791357 |
| | തൊഴിൽ കൂലി | 8839000 |
| | ശമ്പളം/മറ്റ് ചെലവ് | 334000 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകതകൾ

2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകത കാണുന്നു. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി രണ്ടാം അർദ്ധവർഷം കുറവായി ഈടാക്കി:-

| സ്ഥാപനം | ജീവനക്കാരന്റെ പേര് | വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ബാക്കി |
|---|---|---|---|---|---|
| സഫാരി ഇൻഡസ്ട്രീസ് ഇന്ത്യാ ലിമിറ്റഡ് | എബി സക്കറിയ | 25642 | 120/- (rt no. 11504104792 dtd 27/11/2015) | 180 | 60 |
| ---"--- | രഞ്ജിത് പിള്ള | 24194 | 120/- (rt no. 11504104792 dtd 27/11/2015) | 180 | 60 |
| KSFE അത്താണി | അനിൽ N.T. | 70046 | 450/- (rt no. 11504106036 dtd 12/2/2016 | 600 | 150 |
| Dachser India Pvt.Ltd | നിഷാദ് അബ്ബാസ് | 114800 | 750/- (rt no. | 1000 | 250 |

| | | | | | |
|---|---|---|---|---|---|
| | | | 11504500279 dtd 29/3/2016) | | |
| ---"--- | M.S സിജോ | 102200 | 750/- (rt no. 11504500279 dtd 29/3/2016) | 1000 | 250 |
| ---"--- | ഷിബിൻ ആന്റണി | 101290 | 750/- (rt no. 11504500279 dtd 29/3/2016) | 1000 | 250 |
| ആകെ | | | | | 1020 |

ഇപ്രകാരം 2015-16 സാമ്പത്തികവർഷം പഞ്ചായത്ത്, ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ 1020രൂപ കുറവായി ഈടാക്കിയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

രജിസ്റ്ററുകൾ ശരിയായി പരിപാലിച്ചില്ല.

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് പരിപാലിക്കേണ്ട ഡിമാന്റ് രജിസ്റ്റർ ശരിയായി പരിപാലിച്ചിട്ടില്ല. വിവിധ സ്ഥാപനങ്ങളിലെ റിട്ടേണുകളുമായി ബന്ധപ്പെട്ട യാതൊരു വിവരവും ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതിയുടെ ആകെ തുക മാത്രമേ ഡിമാന്റ് രജിസ്റ്ററിൽ ചേർത്തുകാണുന്നുള്ളൂ. ഇപ്രകാരം അപൂർണ്ണമായി പരിപാലിച്ചിരിക്കുന്ന ഡിമാന്റ് രജിസ്റ്റർ ജീവനക്കാരുടെ വിവരങ്ങളും ഉൾപ്പെടുത്തി ശരിയായ രീതിയിൽ പരിപാലിക്കേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകത

2015-16 സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ പെർമിറ്റു നൽകിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകത കാണുന്നു.

പെർമിറ്റ് ഫീസ് കുറവായി ഈടാക്കി.

| അപേക്ഷയുടെ ക്രമ നം. | പേര് | ഉപയോഗം / പ്ലിന്ത് ഏരിയ | ഫീസ് ഈടാക്കേണ്ടത് | ഈടാക്കിയത് | ബാക്കി |
|---|---|---|---|---|---|
| 39/15-16 | രാമകൃഷ്ണൻ മറ്റപ്പിള്ളി, മേയ്ക്കാട് | താമസം/288.36m2 | 288x3=864 | 533(Rt.No. 11504101645 dt.24.06.15) | 331 |
| | | | | ആകെ | 331 |

പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ

2015-16 ഓഡിറ്റ് വർഷം വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ) വസ്തു നികുതി കുറവായി ഈടാക്കി

| ക്രമനം. | വാർഡ് / വീട്ടനം/ പേര് | ഉപയോഗം/ വിസ്തീർണ്ണം/ മേഖല | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | ബാക്കി |
|---|---|---|---|---|---|
| 1 | 17/380d/ രാധാകൃഷ്ണൻ T.G. ലിനി രാധാകൃഷ്ണൻ, തറനിലത്ത് അത്താണി | വാണിജ്യം/ 245.80m2/ പ്രഥമ മേഖല | 246x80= 19680 +10% of 19680= 21648 | 17698 | 21648-17698= 3950 |
| | ആകെ | | | | 3950 |

കുറവായി ഈടാക്കിയ 3950/- രൂപ അടിയന്തിരമായി ഈടാക്കേണ്ടതും, അതിന് അനുസൃതമായി ഡിമാന്റ് രജിസ്റ്റർ ക്രമപ്പെടുത്തേണ്ടതും, ലൈബ്രറി സെസ്സ് ഈടാക്കേണ്ടതുമാണ്.

(ബി) ഉയർന്നവസ്തുനികുതി കുടിശ്ശിക

നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം വലിയതുക വസ്തു നികുതി കുടിശ്ശികയായി നിലനിൽക്കുന്നു. 2015-16 വർഷം വരെ വസ്തുനികുതി കുടിശ്ശികയായി 7273158/- രൂപ നിലനിൽക്കുന്നു. 2015-16-ലെ ഡിമാന്റ് 13622387/- രൂപയും , കളക്ഷൻ 9399709/- രൂപയുമാണ്. അതായത് 69% വസ്തു നികുതി മാത്രമാണ് പഞ്ചായത്തിന് ഓഡിറ്റ് വർഷം പിരിച്ചെടുക്കാൻ സാധിക്കുന്നുള്ളൂ. കുടിശ്ശിക പിരിവ് ഊർജ്ജസ്വലമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ വസ്തുനികുതി കുടിശ്ശിക രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കേണ്ടതാണ്.

# 2-4 വാടക - അപാകതകൾ

2015-16ൽ വാടക പിരിവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I) വാടക ഇനത്തിൽ വലിയ തുക കുടിശ്ശികയായി നിലനിൽക്കുന്നു.

പഞ്ചായത്തിൽ വാടക പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷം 449740/-രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. ഇതിൽ 148345/- രൂപ മുൻ വർഷത്തെ കുടിശ്ശികയും, 301395/-രൂപ ഓഡിറ്റ് വർഷത്തെ കുടിശ്ശികയുമാണ്. ഇപ്രകാരം വലിയ തുക കുടിശ്ശിക വരുന്നതിന്റെ കാരണം യഥാസമയം വാടക പിരിച്ചെടുക്കാത്തതാണ്. ഓഡിറ്റ് വർഷം, അത്താണി മർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ കുടിശ്ശിക വരുത്തിയ ചിലരുടെ വിവരങ്ങൾ താഴെപ്പറയുന്നു.

1)Room No.A-13 സി.പി.കുഞ്ഞപ്പൻ, ചെമ്പനാടൻ -7556/-

2) Room No. A-12 ജോപോൾ, വടക്കിനേത്ത് - 8916/-

3) Room No. B-9 ഷാഹിദ്, വാത്തോളി - 2265/-

4) Room No. A2 P.Y.പൗലോസ്, പൈനാടത്ത് - 11784/-

5) Room No. A4 ബിനോ ജോൺ, പുതുശ്ശേരി - 10216/-

ഇപ്രകാരം വലിയ തുകകൾ വാടകയിനത്തിൽ കുടിശ്ശികയായി നിലനിൽക്കുമ്പോഴും കുടിശ്ശിക തുക യഥാസമയം ഈടാക്കാൻവേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിച്ചുകാണുന്നില്ല. വാടകയിനത്തിൽ കുടിശ്ശിക വരുത്തുന്നവരെ ഒഴിവാക്കാനും, മുറികൾ പുനർലേലം ചെയ്ത് മറ്റുള്ളവർക്ക് നല്കാനും, പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

II) മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിക്കുന്നു. പഞ്ചായത്തിൽ വാടകയ്ക്ക് നൽകുന്നത് താഴെപ്പറയുന്ന മുറികളാണ്.

1)കരിയാട് ഷോപ്പിങ് കോംപ്ളക്സ് -10മുറികൾ

2)അത്താണി മാർക്കറ്റ് കം ഷോപ്പിങ് കോംപ്ളക്സ് -55 മുറികൾ

3)അത്താണി ബസ് ടെർമിനൽ കോംപ്ലക്സ് 5 മുറികൾ

ആകെയുള്ള 70-മുറികളിൽ മാർക്കറ്റ്-കം-ഷോപ്പിങ് കോംപ്ലക്സിൽ 6 മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിക്കുന്നു. മുറികൾ വാടകയ്ക്ക് നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

III) മുറികളുടെ വാടക വർദ്ധനവ് ലേലം കൊണ്ട തീയ്യതി അടിസ്ഥാനമാക്കി.

പഞ്ചായത്തിൽ മുറികൾക്ക് വർഷംതോറും 5% വാടക വർദ്ധനവ് വരുന്നുണ്ട്. എന്നാൽ ഇത് മുറികൾ ലേലത്തിനുപോയ തീയതി വെച്ചാണ് നടത്തുന്നത്. ഈ രീതി മാറ്റേണ്ടതും വർദ്ധനവ് സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ നിർവ്വഹിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രോജക്ടിൽ ഉൾപ്പെട്ട ചെലവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

2015-16 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ PHC നിർവ്വഹിച്ച താഴെപ്പറയുന്ന പ്രോജക്ടിലെ ചെലവിന്റെ ഒരു ഭാഗം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

പ്രോജക്ടിന്റെ പേര് - മഴക്കാല രോഗ ബോധവൽക്കരണ നിയന്ത്രണപരിപാടി

പ്രോജക്ട് നം. - S0037/15-16

വിഭാഗം - ജനറൽ

മേഖല - ആരോഗ്യം

അടങ്കൽ - 200000/-

ഫണ്ട് - A, ധനകാര്യകമ്മീഷൻ അവാർഡ്.

ചെലവ് (1) - 45000/- (Bill No.7/15-16dtd 15/2/2016)

ചെലവ് (2) - 125000/- (30250/- Bill No.11/15-16dtd26/3/16

94750/- Bill No.12/15-16dtd26/3/16)

മുകളിൽ പറഞ്ഞിരിക്കുന്ന ചെലവ് (1) 12-ാം പദ്ധതി മാർഗ്ഗരേഖയിൽ അനുബന്ധം - 1-7ൽ ആരോഗ്യം, രോഗ പ്രതിരോധം, ശുചിത്വം എന്ന ഭാഗത്തെ പ്രവർത്തനങ്ങളുമായി പൊരുത്തപ്പെടുന്ന ചെലവുകളാണ്. ആയതിനാൽ പ്രസ്തുത ചെലവ് പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നു. എന്നാൽ ചെലവ് (2)-ലെ 30250/- രൂപ ലാപ്ടോപ്പ് KSIE Ltd എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം.299 തീയതി 9/3/2016 ആയി വാങ്ങിയിട്ടുള്ളതും (DD No.686351 dtd 6/4/2016) 94750/-രൂപ മറ്റ് ഉപകരണങ്ങൾ (LCD projector = 58000, screen = 4750, Public Address System = 32000) KSIE Ltd Ernakulam-ൽ നിന്നും വാങ്ങാൻ (Bill No.12/15-16 dtd 26/3/2016) ചെലവഴിച്ചിട്ടുള്ളതുമാണ് (DD No.686356 dtd 8/4/2016).

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ചിട്ടുള്ള 125000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പാലിയേറ്റീവ് കെയർ പദ്ധതി - ആദായനികുതി

ഈടാക്കിയില്ല.

2015-16 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ PHC നിർവ്വഹിച്ച പാലിയേറ്റീവ് കെയർ പ്രോജക്ടിൽ വാഹന വാടക ഇനത്തിൽ (വാഹനം. KL-63-B-2764) സലി എന്ന വ്യക്തിയ്ക്ക് താഴെപ്പറയുന്ന രീതിയിൽ പണം നൽകിയിട്ടുണ്ട്.

| പണം നൽകിയത്(മാസം) | തുക |
|---|---|
| 2015 ഏപ്രിൽ-മെയ് | 16200 |
| ജൂൺ-ജൂലൈ | 16200 |
| ആഗസ്റ്റ്-സെപ്തംബർ | 16200 |
| ഒക്ടോബർ-നവംബർ | 16200 |
| ഡിസംബർ-ജനുവരി | 16200 |
| ഫെബ്രുവരി - മാർച്ച് | 16200 |
| ആകെ | 97200 |

ഇപ്രകാരം 97200/-രൂപ വാഹന വാടക ഇനത്തിൽ നൽകിയിട്ടുണ്ടെങ്കിലും ഡ്രൈവറിൽ നിന്നും ആദായനികുതി ഈടാക്കി കാണുന്നില്ല. 1% ആദായ നികുതിയായ 972/-രൂപ (97200x1%) ടിയാനിൽ നിന്നും ഈടാക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 ദുരിതാശ്വാസ നിധി - അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ താഴെപ്പറയുന്നു:-

| | |
|---|---|
| മുന്നിരിപ്പ് | 716899 |
| ഓഡിറ്റ് വർഷം വരവ് | 138798 |
| ചെലവ് | 751558 |
| നീക്കിയിരിപ്പ് | 104139 |

ഓഡിറ്റ് വർഷം പഞ്ചായത്ത് ദുരിതാശ്വാസ നിധി സബ്കമ്മിറ്റിയുടെ തീരുമാനപ്രകാരം താഴെപ്പറയുന്ന രീതിയിൽ തുകകൾ വിതരണംചെയ്തിട്ടുണ്ട്. വിശദവിവരം താഴെപ്പറയുന്നു:-

| കമ്മിറ്റി തീരുമാനം-തീയ്യതി | അനുവദിച്ചതുക |
|---|---|
| 8/5/2015 | 225000 |
| 13/8/2015 | 151058 |
| 10/9/2015 | 156000 |
| 4/2/2016 | 219500 |
| ആകെ | 751558 |

ഇപ്രകാരം 751558/-രൂപ വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഇതിനായി അക്വിറ്റൻസ് പരിപാലിച്ച് കാണുന്നില്ല. സബ്കമ്മിറ്റി മിനിറ്റ്സ്, അപേക്ഷാ രജിസ്റ്റർ, സബ്സിഡറി ക്യാഷ്ബുക്ക് എന്നിവയോടൊപ്പം അക്വിറ്റൻസ് രജിസ്റ്ററും പരിപാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 എസ്.സി. വിഭാഗം കുടിവെള്ളക്കിണർ നിർമ്മാണം അധികതുക നൽകി.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടാണ് (188/16,36/16) കുടിവെള്ള കിണർ പ്രോജക്ട്. ടി പ്രോജക്ടുകളിൽ ജി.ഒ.(എം.എസ്.)362/13 ത.സ്വ.ഭ.വ. തീയതി 16/11/2013 ആയുള്ള സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് തുക അനുവദിച്ചിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം കിണർ നിർമ്മിച്ചതിന്റെ വാല്യുവേഷൻ തുകയുടെ 75% തുകയോ,പരമാവധി 17000/-രൂപയോ ആയതിൽ ഏതാണ് കുറവ് ആ തുക മാത്രമേ ഗുണഭോക്താക്കൾക്ക് നല്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മാർഗ്ഗ രേഖ ലംഘിച്ച് കൂടുതൽ തുക നൽകി

| പ്രോജക്ട് നം. | പേര്/വിലാസം | വാല്യുവേഷൻ തുക | നൽകിയ തുക /ഡി.ഡി.നം. | നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 188/16 S.C. വിഭാഗക്കാർക്ക് കുടിവെള്ള കിണർ നിർമ്മാണം | ഗോപാലൻ പുതിയേടത്ത് വാപ്പലശ്ശേരി | 22000/ | 17000/- ddno.435786 dtd29/6/15 | 16500/- | 500/- |
| 188/16 S.C. വിഭാഗക്കാർക്ക് കുടിവെള്ള കിണർ നിർമ്മാണം | ദേവകി തറയ്ക്കൽ വീട് നെടുമ്പാശ്ശേരി | 21250/ | 17000/- ddno.435787 dtd29/6/2015 | 15938/- | 1062/- |
| 188/16 S.C. വിഭാഗക്കാർക്ക് കുടിവെള്ള കിണർ നിർമ്മാണം | പള്ളിക്കുട്ടി തണ്ടുകുളം അകപ്പറമ്പ് | 22000/ | 17000/- ddno.435789 dtd29/6/2015 | 16500/- | 500/- |
| 36/16 S.C. വിഭാഗക്കാർക്ക് കുടിവെള്ള കിണർ നിർമ്മാണം | ഓമനM.V മടശ്ശേരിത്തറ മേയ്ക്കാട് p.o. തുരുത്തുശ്ശേരി | 22500/ | 17000/- ddno.685213 dtd22/4/2016 | 16875/- | 125/- |
| 36/16 S.C. വിഭാഗക്കാർക്ക് കുടിവെള്ള കിണർ നിർമ്മാണം | വേലായുധൻc.m ചാലയ്ക്കകം പൊയ്ക്കാട്ടുശ്ശേരി | 22000/ | 17000/- ddno.685210 dtd22/4/2016 | 16500/- | 500/- |
| ആകെ | | | | | 2687/- |

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം നൽകിയ 2687/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 ശുചി മുറി നിർമ്മാണം - വികസന ഫണ്ടിൽനിന്നും ചെലവഴിച്ച 492000/- രൂപ ശുചിത്വ ഭാരത മിഷനിൽ നിന്നും

തിരികെ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ VEO നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 23/16 ശുചിമുറി നിർമ്മാണ പ്രോജക്ടിൽ 500000/-രൂപ വകയിരുത്തുകയും, 12000/-രൂപ വീതം 41 ഗുണഭോക്താക്കൾക്കായി നൽകി 492000/-രൂപ ചെലവഴിക്കുകയും ചെയ്തു. സർക്കാർ ഉത്തരവ് (സാ.ധാ.) നം.3507/14 ത.സ്വ.ഭ.വ. തീയതി 31/12/2014 പ്രകാരം ഗാർഹിക കക്കൂസിന്റെ യൂണിറ്റ് കോസ്റ്റ് 12000/-രൂപ സ്വച്ഛ് ഭാരത് മിഷൻ നൽകുന്നതും ബാക്കി പഞ്ചായത്ത് വികസന/തനത് ഫണ്ടിൽനിന്നും 3400/-രൂപയും ചേർത്ത് ആകെ 15400/-രൂപ നൽകാവുന്നതുമാണ്. എന്നാൽ ഈ പഞ്ചായത്തിന് സ്വച്ഛ് ഭാരത് മിഷനിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാൽ ശുചിമുറിയുടെ യൂണിറ്റ് കോസ്റ്റ് 12000/-രൂപ വീതം 41പേർക്ക് (492000/-രൂപ) വികസന ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം സ്വച്ഛ് ഭാരത് മിഷനിൽ നിന്നും ലഭിക്കേണ്ട (12000x41) 492000/-രൂപ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയ 4 ലക്ഷം രൂപയുടെ സംഭാവന - ചെലവ് തടസ്സപ്പെടുത്തുന്നു.

സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ആശ്വാസ കിരണം, താലോലം, ശ്രുതി തരംഗം, സ്നേഹപൂർവ്വ എന്നീ പദ്ധതികൾക്കുള്ള പ്രവർത്തന ഫണ്ടിനായി നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് 4 ലക്ഷം രൂപ 31.03.2016-ൽ (DD No.144273) പ്രകാരം സംഭാവന നൽകിയിട്ടുണ്ട്. 2013-14, 2014-15 വർഷങ്ങളിൽ തനത് /പ്ലാൻ ഫണ്ടിൽ നിന്നും പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ 5 ലക്ഷം രൂപ വരെ യഥേഷ്ടം സംഭാവന നൽകുവാൻ പഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ 2015-16-ൽ സംഭാവന നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. തുക കൈപ്പറ്റിയതിന് സുരക്ഷാ മിഷൻ നൽകിയ രസീതല്ലാതെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് തീയതി വരെ ഹാജരാക്കിയിട്ടില്ല. ഈ കാരണത്താൽ സെക്രട്ടറി നൽകിയ 4 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ജനതാ അപകട ഇൻഷ്വറൻസ് പോളിസി - ഇൻഷ്വർ ചെയ്ത ആളുകളുടെ എണ്ണം കണക്കാക്കിയതിൽ വ്യക്തതയില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2008ലെ 30840/DA2/08 ഉത്തരവ് പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ 10 മുതൽ 70 വയസ്സ് വരെ പ്രായമുള്ള വ്യക്തികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഒരാൾക്ക് 20/- രൂപ നിരക്കിൽ 28000 പേർക്ക് 5,60,000/- രൂപ പ്രീമിയം അടയ്ക്കുകയും അപകട മരണം സംഭവിച്ച 14 പേർക്ക് 50,000/- രൂപ വീതം ഇൻഷ്വറൻസ് തുക ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ട് അപകട മരണം സംഭവിച്ച കുടുംബങ്ങളിലെ ആശ്രിതർക്ക് ഒരു ആശ്വാസമാണ്. മറ്റ് പഞ്ചായത്തുകളിലും ഇത് നടപ്പിലാക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിലെ 10 വയസ്സിനും 70 വയസ്സിനും ഇടയിലുള്ള വ്യക്തികളുടെ എണ്ണം കണക്കാക്കിയത് വ്യക്തമായ മാനദണ്ഡം ഇല്ലാതെയാണ്. 2013-14 മുതൽ 28,000 ആളുകളെയാണ് ഇൻഷ്വർ ചെയ്തു വരുന്നത്. ആയത് ഓഡിറ്റ് വർഷത്തിലും തുടരുന്നു. പഞ്ചായത്തിന്റെ പൗരാവകാശ രേഖ പ്രകാരം 31,000 ജനസംഖ്യയുണ്ട്. വോട്ടർ പട്ടിക പ്രകാരം 29,000 വോട്ടർമാരുണ്ട്. ആയതിൽ 18 വയസ്സിനു മുകളിൽ പ്രായമുള്ളവരും 70 വയസ്സിന് മുകളിൽ പ്രായമുള്ളവരും ഉൾപ്പെടുന്നു. ആയതിനാൽ പഞ്ചായത്തിലെ കുടുംബങ്ങളിൽ 10 മുതൽ 70 വയസ്സ് വരെ പ്രായമുള്ളവരുടെ എണ്ണം കുടുംബശ്രീ / ആശാ വർക്കർമാരെ ഉപയോഗിച്ച് സർവ്വേ നടത്തേണ്ടതും കൃത്യമായ ആളുകളുടെ എണ്ണത്തിന് ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| നൽകിയ സ്ഥാപനം | മുന്നിരിപ്പ് | വരവ് | പദ്ധതി | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ ബ്ലോക്ക് പഞ്ചായത്ത് | 1777831 | 0 | പാലിയേറ്റീവ് സാന്ത്വനം | 107690 | 1670141 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | തുക നൽകിയ വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 2015-16 | 2015-16 | KSEB | സ്ട്രീറ്റ് ലൈറ്റ് | അലോട്ട്മെന്റ് | 267270 | 0 | 267270 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | 63135/DB1 /09/LSGD dated 29.10.2009 | 15450000/- | 936600/- | 930000/- | 0 | 6600/- |

2014-15 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 876600/- രൂപയാണ് തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നത്. എന്നാൽ രജിസ്റ്റർ പ്രകാരം 2015-16 ലെ മുന്നിരിപ്പ് 936600 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-14 | 2006-07 | 3.39.4.23.39.4.3 | ഡെപ്പോസിറ്റ് അടച്ചത് പൂർത്തീകരണം | പൂർത്തീകരണം ലഭിച്ചിട്ടുണ്ട് |
| 2011-12 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | --- | 2011-12 | 3.1(1),(2) | കാർഷിക വിജ്ഞാന കേന്ദ്രം | ഖണ്ഡികയിൽ പരാമർശിക്കുന്ന ടച്ച് സ്ക്രീനും യോഗ സ്ഥലവും ഉണ്ട് |
| 2013-14 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | --- | 2013-14 | 5.2.4.14 | സർക്കാർ വിദ്യാലയ ങ്ങളിലെ കൊഴിഞ്ഞ് പോക്ക് | പി.ടി.എ.-യുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ തിരുമാനിച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58770813 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67458649 |
| വരവിനങ്ങളിലുള്ള നഷ്ടം | 5301 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 128659 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,00,000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 1020 | - | മിജോയ് മൈക്കിൾ, സെക്രട്ടറി |
| 2-2 | 331 | - | പി.എം.ജോസഫ്, സെക്രട്ടറി |
| 2-3 | 3950 | - | പി.എം.ജോസഫ്, സെക്രട്ടറി |
| 3-1 | - | 125000 | ഡോ.ശ്രീലാൽ, മെഡിക്കൽ ഓഫീസർ (PHC) |
| 3-2 | - | 972 | ഡോ.ശ്രീലാൽ, മെഡിക്കൽ ഓഫീസർ (PHC) |
| 3-3 | - | 2687 | ജെയിൻ വർഗ്ഗീസ്(അസി.സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 4,00,000 | മിജോയ് മൈക്കിൾ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 972 | ഡോ.ശ്രീലാൽ, മെഡിക്കൽ ഓഫീസർ (PHC) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മിജോയ് മൈക്കിൾ, സെക്രട്ടറി | - | പുത്തേടത്ത് വീട് ഗോതുരുത്ത്, എറണാകുളം |
| പി.എം.ജോസഫ്, സെക്രട്ടറി | വിരമിച്ചു | അപ്പാർട്ട്മെന്റ് നം.എ. വിന്റ് സ്റ്റാർ അപ്പാർട്ട്മെന്റ് , കണ്ണംകുളങ്ങര നോർത്ത് തൃപ്പൂണിത്തുറ |
| ജെയിൻ വർഗ്ഗീസ് അസി.സെക്രട്ടറി | അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് തൃശ്ശൂർ ജില്ല | പാത്താടൻ വീട്, പാലിശ്ശേരി, അന്നമനട(PO), തൃശ്ശൂർ |
| ഡോ.ശ്രീലാൽ, മെഡിക്കൽ ഓഫീസർ (PHC) | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് PHC | VRRA, കൃഷ്ണാമൃതം, പോണേക്കര, AIMS |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ (പി3) 1504/99 / 19.07.2000 |
| 1997-98 | |
| 1998-99 | എൽ എഫ് ഇ (പി3) 1086/03 / 31.03.04 |
| 1999-2000 | എൽ എഫ് ഇ (പി3) 11091/04 / 04.07.05 |
| 2000-01 | എൽ എഫ് ഇ (പി3) 11091/04 / 04.07.05 |
| 2001-02 | എൽ എഫ് ഇ (പി3)11091/04 / 04.07.05 |
| 2002-03 | എൽ എഫ് ഇ (പി3) 747/05 / 15.06.06 |
| 2003-04 | എൽ എഫ് ഇ (പി3) 824/06 / 31.10.2007 |
| 2004-05 | എൽ എഫ് ഇ (പി3) 825/09 / 09.03.10 |
| 2005-06 | എൽ എഫ് ഇ (പി3) 826/09 / 09.03.2010 |
| 2006-07 | എൽ എഫ് ഇ (പി3) 827/09 / 09.03.2010 |
| 2007-08 | എൽ എഫ് ഇ (പി3) 214/11 / 13.12.11 |
| 2008-09 | എൽ എഫ് ഇ (പി3) 215/11 / 13.12.11 |
| 2009-10 | എൽ എഫ് ഇ (പി3) 216/11 / 13.12.11 |
| 2010-11 | എൽ എഫ് ഇ (പി3) 2101/11 / 05.01.2011 |
| 2011-12 | എൽ എഫ് ഇ (പി3) 29/13 / 03.02.2014 |
| 2012-13 | എൽ എഫ് ഇ (പി11)540/15 / 10.04.2015 |
| 2013-14<br>2014-15 | കെ.എസ്.എ.ഇ.കെ.എം (പി11)1785/15 / 24.11.2015 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇ.കെ.എം(പി.11)1907/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 30.11.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.11)1907/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 30.11.2016

Certified that I have audited the Annual Financial Statement of NEDUMBASSERY Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of NEDUMBASSERY Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director